പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2384 — 23-01-2014 ലെ മറുപടിയ്ക്ക്

ലോട്ടറി നറുക്കെടുപ്പിനുള്ള സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.മുരളീധരൻ :<br>ശ്രീ.പാലോട് രവി :<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.ബെന്നി ബഹനാൻ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ ലോട്ടറി നറുക്കെടുപ്പിന് യന്ത്രം ഉപയോഗിക്കുന്ന രീതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;<br>ബി) ആയതിന്റെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | എ) & ബി) | ഉണ്ട്. സർക്കാർ നിയമിച്ച ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് യന്ത്രത്തിന്റെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തിയതിന് ശേഷം 01.07.2013 മുതൽ യന്ത്രത്തിൽ നറുക്കെടുപ്പ് ആരംഭിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് യന്ത്രത്തിൽ നറുക്കെടുപ്പുകൾ നടത്തിവരുന്നത്. ഇതുമൂലം കുറഞ്ഞ സമയവും, കുറച്ച് ജീവനക്കാരെയും കൊണ്ട് കൂടുതൽ സമ്മാനങ്ങൾ സുതാര്യമായ രീതിയിൽ നറുക്കെടുക്കുവാൻ കഴിയുന്നു. |
| സി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനമാണ് ഇതിനു വേണ്ടി സഹകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | സി) | സിഡ്കൊ, മെറ്റൽ ഇൻഡസ്ട്രീസ് കോർപറേഷൻ, ഷൊർണൂർ, പാലക്കാട് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇതുമായി സഹകരിച്ചിട്ടുള്ളത്. |
| ഡി) ആയതിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | ഡി) | സർക്കാർ നിയമിച്ച ഒരു ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് യന്ത്രത്തിന്റെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തിയതിന് |

ശേഷമാണ് 01.07.2013 മുതൽ യന്ത്രത്തിൽ നറുക്കെടുപ്പ് ആരംഭിച്ചിട്ടുള്ളത്. കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് യന്ത്രത്തിൽ നറുക്കെടുപ്പുകൾ നടത്തിവരുന്നത്. നാളിതുവരെ രണ്ട് പ്രാവശ്യം ടെക്നിക്കൽ കമ്മിറ്റി ചേരുകയും യന്ത്രത്തിന്റെ കാര്യക്ഷമതയും സുതാര്യതയും പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജനപ്രതിനിധികൾ, അഡ്വക്കേറ്റുമാർ, മാധ്യമ പ്രവർത്തകർ, രാഷ്ട്രീയ - സാമൂഹ്യ - സാംസ്ക്കാരിക - പ്രവർത്തകർ എന്നിവരടങ്ങിയ ആറംഗ പരിശോധന സമിതി അംഗങ്ങളുടെ മേൽനോട്ടത്തിൽ പൊതുജന മധ്യത്തിലാണ് നറുക്കെടുപ്പ് നടത്തിവരുന്നത്.

ഇ) നറുക്കെടുപ്പിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കുവാൻ അവസരം നൽകുമോ; വ്യക്തമാക്കാമോ?

ഇ) അവസരം നൽകുന്നുണ്ട്. ഓരോ നറുക്കെടുപ്പിനും പരിശോധനാ സമിതി അംഗങ്ങൾ നറുക്കെടുത്ത് കഴിഞ്ഞാൽ പൊതുജനങ്ങൾക്ക് അവസരം നൽകിവരുന്നു.

സെക്ഷൻ ഓഫീസർ